**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2023** **02-02-2024 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2021-22 വർഷത്തെ ബജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള ഒറ്റപ്പാലം സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തിയുടെ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും മാറ്റി കായിക വകുപ്പിന് നൽകിക്കൊണ്ട് എന്നാണ് ഉത്തരവ് ഇറക്കിയത്; വ്യക്തമാക്കാമോ; | (എ) | 2021-22 വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ അടങ്കൽ തുക കണക്കാക്കിയും 20% തുക ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള ഒറ്റപ്പാലം സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തിയുടെ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും കായിക വകുപ്പിലേക്ക് മാറ്റി നൽകി കൊണ്ട് 06.03.2023 സ.ഉ(സാധാ) നം. 1633/2023/ഫിൻ തീയ്യതി പ്രകാരമാണ് സർക്കാർ ഉത്തരവായിട്ടുള്ളത്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇത്രയും വൈകുന്നത്; വിശദമാക്കാമോ; | (ബി) | ടി പ്രവൃത്തി കായിക വകുപ്പിലേക്ക് മാറ്റി നൽകി ഉത്തരവായതിൻറെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ എഞ്ചിനീയറിംഗ് വിഭാഗം സൈറ്റ് സന്ദർശനം നടത്തി പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ നടത്തുകയും വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ആയതിൻറെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്കുള്ള 10 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.ഭരണാനുമതി നൽകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ് |
| (സി) | പ്രസ്തുത പ്രവൃത്തി വേഗത്തിൽ തുടങ്ങുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | ടി പ്രവൃത്തി കായിക വകുപ്പിലേക്ക് മാറ്റി നൽകി ഉത്തരവായതിൻറെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ എഞ്ചിനീയറിംഗ് വിഭാഗം സൈറ്റ് സന്ദർശനം നടത്തി പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ നടത്തുകയും വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ആയതിൻറെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്കുള്ള 10 കോടി രൂപയുടെ എസ്റ്റിമേറ്റ് |

| | | | |
|---|---|---|---|
| | | | തയ്യാറാക്കിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.ഭരണാനുമതി നൽകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ് |

സെക്ഷൻ ഓഫീസർ